"ഭരണഭാഷ – മാതൃഭാഷ"

**DDP-EKM/961/2019-E1**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്,
എറണാകുളം, **തീയതി : 31/05/2019.**
ഇമെയിൽ – **ddp.ekm@gmail.com**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
എറണാകുളം.

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
എറണാകുളം.

സർ,

വിഷയം :- പഞ്ചായത്ത് വകുപ്പ് – എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലേയ്ക്ക് ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കുന്നത് – ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്നത് – സംബന്ധിച്ച്.

സൂചന :- ഈ ആഫീസിലെ **31/05/2019** തീയതിയിലെ ഇതേ നമ്പർ നോട്ടീസ്

*****************

മേൽ സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലേയ്ക്ക് ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കുന്നതിലേയ്ക്കായുള്ള സൂചന ക്വട്ടേഷൻ നോട്ടീസ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് ജില്ലയിലെ പഞ്ചായത്ത് വകുപ്പിന് കീഴിൽ വരുന്ന എല്ലാ ആഫീസുകളുടേയും നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുവാൻ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

**ഉള്ളടക്കം :– സൂചന നോട്ടീസ്**

OFFICE OF THE DEPUTY DIRECTOR OF PANCHAYATS ERNAKULAM

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
എറണാകുളം. (അധിക ചുമതല)

പകർപ്പ് :1) എല്ലാ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാർക്കും, എറണാകുളം.
2) ജില്ലാ കോ–ഓർഡിനേറ്റർ, ലൈഫ് മിഷൻ, എറണാകുളം.
3) ജില്ലാ കോ–ഓർഡിനേറ്റർ, ശുചിത്വ മിഷൻ, എറണാകുളം.

ഡിഡിപി-ഇകെഎം/961/2019 ഇ 1

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്
സിവിൽ സ്റ്റേഷൻ, രണ്ടാം നില
കാക്കനാട്, എറണാകുളം
Email- ddp.ekm@gmail.com
Ph No: 0484- 2422219

തീയതി 31.05.2019

## പുനർ ക്വട്ടേഷൻ പരസ്യം

എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ ഔദ്യോഗിക ആവശ്യത്തിന് 2019-20 സാമ്പത്തിക വർഷത്തിൽ (31/03/2020 വരെയോ, സ്വന്തമായി വാഹനം ലഭ്യമാകുന്നത് വരെയോ) എ.സി പാസഞ്ചർ വാഹനം (കാർ/ജീപ്പ്) (6+1 seat) (ഡ്രൈവർ സഹിതം ) പ്രതിമാസ വാടകയ്ക്ക് നൽകുന്നതിന് തയ്യാറുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള സീൽ വെച്ച ക്വട്ടേഷനുകൾ സ്വീകരിക്കുന്നു . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വിശദാംശങ്ങൾ | ക്വട്ടേഷൻ നം . ഡിഡിപി-ഇകെഎം/961/2019 ഇ 1 തീയതി 31.05.2019<br>7 സീറ്റിംഗ് കപ്പാസിറ്റിയുള്ള എയർ കണ്ടീഷൻ പാസഞ്ചർ വാഹനം (കാർ/ജീപ്പ്) (2016 നോ അതിനു ശേഷമോ ഉള്ള മോഡൽ ) ഡ്രൈവർ സഹിതം |
| ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി | 18.06.2019 – 2 പി. എം |
| ക്വട്ടേഷൻ തുറക്കുന്ന തീയതി | 18.06.2019- 3 പി. എം |
| ക്വട്ടേഷൻ സമർപ്പിക്കേണ്ട മേൽവിലാസം | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം<br>2-ാം നില, സിവിൽ സ്റ്റേഷൻ<br>കാക്കനാട്, പിൻ – 682030 |

### പൊതുവായ മാനദണ്ഡങ്ങൾ

1) പ്രതിമാസം 1500 കി. മീ ദൂരം സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. അധികരിച്ച് വരുന്ന കിലോമീറ്റർ കണക്കാക്കുന്നത് 3 മാസക്കാലത്തേക്ക് ഓടുന്നതിൽ 4500 കി. മീ അധികരിക്കുന്നത് കണക്കാക്കിയാണ്. ആയതിന് 3 മാസത്തേക്ക് 4500 കി.മീ കഴിയുന്ന ഓരോ കി. മീറ്ററിനും ഉള്ള നിരക്ക് പ്രത്യേകം ക്വോട്ട് ചെയ്യേണ്ടതാണ്.

2) താത്കാലികമായി അംഗീകരിക്കപ്പെട്ട കരാറുകാരൻ സ്വന്തം ചെലവിൽ 200/- രൂപയുടെ മുദ്രപത്രത്തിൽ ക്വൊട്ടേഷൻ അംഗീകരിച്ച് 7 ദിവസത്തിനുള്ളിൽ അന്തിമ കരാർ വയ്ക്കേണ്ടതാണ്.

3) ഓർഡർ ലഭിച്ച കഴിഞ്ഞ് എഗ്രിമെന്റ് സമർപ്പിക്കാത്ത സാഹചര്യത്തിൽ ക്വൊട്ടേഷൻ സ്വമേധയാ അസാധുവാക്കുന്നതും, ഓർഡർ റദ്ദായതായി കണക്കാക്കി മറ്റു വ്യക്തിക്ക് ഓർഡർ നൽകുന്നതുമായിരിക്കും.

4) ക്വാട്ട് ചെയ്യുന്ന നിരക്കിൽ ടാക്സുകളും, ഡ്യൂട്ടികളും ഉൾപ്പെടെയാണ് സമർപ്പിക്കേണ്ടത്. കൂടാതെ ഇൻഷ്വറൻസ്, ടാക്സ്, ഇന്ധനം, വാഹനത്തിന്റെ മെയിന്റനൻസ്, ഡ്രൈവറുടെ വേതനം, ബാറ്റ, ടോളുകൾ തുടങ്ങിയ എല്ലാ ചെലവുകളും വാഹനത്തിന്റെ ഉടമ തന്നെ നിർവ്വഹിക്കേണ്ടതാണ്. ഡ്രൈവർക്ക് മോട്ടോർ വാഹന നിയമപ്രകാരം ടാക്സി വാഹനം ഓടിക്കുന്നതിനാവശ്യമായ എല്ലാ അനുമതികളും സർട്ടിഫിക്കേറ്റുകളും ആവശ്യമാണ്. ആയതിൻറെ പകർപ്പുകൾ കരാറിലേർപ്പെടുന്ന വേളയിൽ ഹാജരാക്കേണ്ടതാണ്.

5) മോട്ടോർ വാഹന നിയമപ്രകാരം രജിസ്റ്റർ ചെയ്ത വാഹനമായിരിക്കണം. വാഹനത്തിന് ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതാണ്. വാഹനത്തിന്റെ ആർ. സി. ബുക്ക് , ഇൻഷ്വറൻസ് ,ടാക്സ്, ടാക്സി പെർമിറ്റ്, വാഹന ഉടമയുടെ തിരിച്ചറിയൽ രേഖ എന്നിവയുടെ പകർപ്പുകൾ ക്വൊട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

6) എഗ്രിമെൻറ് സമർപ്പിച്ച കഴിഞ്ഞാൽ ഒരു കാരണവശാലും നിരക്ക് വർദ്ധനവ് നിശ്ചിത കാലാവധിയിൽ അംഗീകരിക്കുന്നതല്ല.

7) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളത്തിന് ഏതു നിമിഷം വേണമെങ്കിലും മതിയായ കാരണം കാണിക്കാതെ എഗ്രിമെന്റ് പൂർണ്ണമായോ, ഭാഗികമായോ റദ്ദ് ചെയ്യുന്നതിന് അധികാരം ഉണ്ടായിരിക്കും. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലേക്ക് പുതിയ വാഹനം അനുവദിക്കുന്ന സാഹചര്യത്തിലും കരാർ റദ്ദാകുന്നതാണ്.

8) മോട്ടോർ വാഹന നിയമം 1968 പ്രകാരം മറ്റേതെങ്കിലും തരത്തിലുള്ള ബാദ്ധ്യതകൾ വാഹനത്തിനു മേൽ നിലനിൽക്കുന്നുവെങ്കിൽ അധികൃതർക്ക് ഇത് സംബന്ധമായി യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

9) കരാറുകാരന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള പാൻ (PAN) ഉണ്ടായിരിക്കേണ്ടതാണ്. ആയതിന്റെ പകർപ്പ് ക്വൊട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

10) ക്വട്ടേഷൻ അംഗീകരിച്ച് ലഭിക്കുന്ന വ്യക്തി കരാർ ലഭിക്കുന്ന തുകയുടെ 1 % T.D.S ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

11) വാഹനം മികച്ച പ്രവർത്തനക്ഷമതയുള്ളതും , കാലപ്പഴക്കം 3 വർഷത്തിൽ അധികരിക്കാത്തതുമായിരിക്കണം.

12) എല്ലാ പ്രവർത്തിദിവസങ്ങളിലും 9.30 AM ന് വാഹനത്തിൻറെ ഡ്രൈവർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ വാഹനം സഹിതം ഹാജരാവേണ്ടതും 06.00 PM വരെ ആഫീസിലുണ്ടായിരിക്കേണ്ടതുമാണ്. അവധി ദിനങ്ങൾ ഉൾപ്പെടെ ഏത് ദിവസവും, സമയത്തും ആഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്. ഏതെങ്കിലും അടിയന്തിര സാഹചര്യം മൂലം വാഹനം നൽകാൻ സാധിക്കാതെ വന്നാൽ പകരം വാഹനം കരാറുകാരന്റെ ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്.

13) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം അംഗീകരിക്കാത്ത മറ്റൊരു നിയമവ്യവസ്ഥകളും എഗ്രിമെന്റിന്റെ ഭാഗമാകുന്നതല്ല. കരാർ സമയത്ത് അംഗീകരിക്കുന്ന റേറ്റിൽ കരാർ കാലയളവിലെ ഇന്ധനവില വർദ്ധനവ് പരിഗണിക്കുന്നതല്ല.

14) ക്വട്ടേഷൻ താത്ക്കാലികമായി അംഗീകരിച്ചതിന് ശേഷം പഞ്ചായത്ത് ഡയറക്ടറുടെ ഫിനാൻഷ്യൽ അംഗീകാരത്തിന് ശേഷം മാത്രമേ ക്വട്ടേഷൻ അന്തിമമാക്കി അംഗീകരിക്കുകയുള്ളൂ. ഡയറക്ടറിൽ നിന്ന് അലോട്ട്മെൻറ് ലഭിക്കുന്ന മുറയ്ക്കാണ് തുക അനുവദിക്കുന്നത്.

15) ഇതോടൊപ്പമുള്ള അനക്സർ-1 പ്രകാരമാണ് ക്വട്ടേഷൻ സമർപ്പിക്കേണ്ടത്.

ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ നിന്നും അറിയാവുന്നതാണ്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
എറണാകുളം (അധികചുമതല)

OFFICE OF THE DEPUTY DIRECTOR OF PANCHAYATS
ERNAKULAM

## ഐറ്റം വിശദീകരണം

| ക്രമ നമ്പർ | ഐറ്റം | വിശദാംശങ്ങൾ |
|---|---|---|
| 1 | ഡ്രൈവർ ഉൾപ്പെടെ 6+1 സീറ്റുള്ള പാസഞ്ചർ വാഹനം (കാർ/ജീപ്പ്) (എയർ കണ്ടീഷൻ ) | 2016 നോ, ശേഷമോ നിർമ്മിച്ച നല്ല റണ്ണിങ് കണ്ടീഷനുള്ള ഒരു വാഹനം |

## അനക്സർ – 1

6+1 സീറ്റ് എയർ കണ്ടീഷൻ പാസ്സഞ്ചർ വാഹനം ഡ്രൈവർ സഹിതം വാടകയ്ക്ക് നൽകുന്നതിനുള്ള ക്വട്ടേഷൻ

| | | |
|---|---|---|
| 01 | ദർഘാസുകാരന്റെ പേര് | |
| 02 | അഡ്രസ്സ് | |
| 03 | മൊബൈൽ നമ്പർ | |
| 04 | വാഹനം നിർമ്മിച്ച വർഷം | |
| 05 | വാഹനത്തിന്റെ മോഡൽ | |
| 06 | രജിസ്ട്രേഷൻ നമ്പരും, തീയതിയും | |
| 07 | പ്രതിമാസം 1500 കി. മീ വരെ ഓടുന്നതിന് ആവശ്യപ്പെടുന്ന നിരക്ക് | |
| 08 | 3 മാസം കൂടുമ്പോൾ 4500 കി.മീ അധികരിക്കുകയാണെങ്കിൽ, അധികം ഓടുന്നതിന് ആവശ്യപ്പെടുന്ന നിരക്ക് (ഒരു കി. മീറ്ററിന്) | |

**സ്ഥലം** **(ഒപ്പ്)**

**തീയതി** **ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ പേര്**

**മേൽ വിലാസം**